# പാസ് വേഡുകൾ സൂക്ഷിക്കാൻ ഒരു റെക്കോഡ് ബുക്ക്

ഇൻറർനെറ്റിൽ സജീവമായുള്ളവർക്ക് മിക്കവാറും വിരലിലെണ്ണാവുന്നതിനപ്പുറം സൈറ്റുകളിൽ അക്കൗണ്ടുകളുണ്ടാവും. ഇത് ജോലി സംബന്ധമായതും, പേഴ്സണൽ ആയവയും ഒക്കെ ആകും. ഇമെയിലിൻറെ കാര്യമാണെങ്കിൽ അത് തന്നെ പത്തിനടുത്ത് കാണും. ഇങ്ങനെ പാസ്വേഡുകളും യൂസർനെയിമും എല്ലാം കൂടി ചിലപ്പോഴൊക്കെ നിങ്ങളെ പ്രശ്നത്തിലാക്കാറുണ്ടോ. ഇവ മനസിൽ സൂക്ഷിക്കാതെ എവിടെയെങ്കിലും രേഖപ്പെടുത്തി വെയ്ക്കുന്നത് വളരെ നല്ലതാണ്.എന്നാൽ ഒരു ബുക്കിലെഴുതി സൂക്ഷിക്കുന്നത് അത്ര സുരക്ഷിതവുമല്ല

ഇതിന് മികച്ച ഒരു മാർഗ്ഗം കംപ്യൂട്ടറിൽ ഇവ രേഖപ്പെടുത്തി അതിന് നല്ലൊരു പാസ് വേഡ് നല്കുക എന്നതാണ്. അങ്ങനെ വന്നാൽ നിങ്ങൾ ഒറ്റ പാസ് വേഡ് മാത്രം ഓർമ്മിച്ചാൽ മതിയാകും.

Password Bank Vault എന്ന പ്രോഗ്രാം ഇതിന് യോജിച്ചതാണ്. വിൻഡോസിൽ ഉപയോഗിക്കാവുന്ന ഇത് എക്സലിന് സമാനമായ രൂപമുള്ള ഒന്നാണ്.

ഇതിൽ രേഖപ്പെടുത്തിയ ഏതെങ്കിലും സൈറ്റ് സന്ദർശിക്കാൻ ഡാറ്റബേസിൽ അത് സെലക്ട് ചെയ്ത് വെബ് ബട്ടണിൽ ക്ലിക്ക് ചെയ്താൽ മതി. 3 എം.ബി മാത്രം വലുപ്പമുള്ള ചെറിയൊരു പ്രോഗ്രാമാണിത്.



Download Link : -http://www.real-soft.co.uk/